LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. വിജയദാസ്: സർ, പാരലൽ കോളേജിലെയും സ്വാശ്രയ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷത്തെ തുക ലഭ്യമാക്കാനുണ്ട്. ആ കുടിശ്ശിക തീർക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ; ജില്ലാ ഓഫീസർമാർ വേണ്ടത്ര താൽപ്പര്യമെടുക്കാത്ത പ്രശ്നവുമുണ്ട്. അതുകൊണ്ടാണ് സ്വാശ്രയ കോളേജുകളിലും പാരലൽ കോളേജുകളിലും സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും ലഭിക്കാത്തത്. ആ കാര്യംകൂടി പരിഹരിക്കുന്നതിന് മിനിസ്റ്റർ താൽപ്പര്യമെടുക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി 2009-ലെ ഉത്തരവ് പ്രകാരമാണ് നമ്മൾ ഇത്തരം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും യൂണിവേഴ്സിറ്റികൾ പുതിയ കോഴ്സുകൾ ആരംഭിക്കുന്നു, പുതിയ കോളേജുകൾക്ക് അംഗീകാരം കൊടുക്കുന്നു, എയ്ഡഡ് കോളേജ്, സെൽഫ് ഫിനാൻസിംഗ് കോളേജ്, ഗവൺമെന്റ് കോളേജ്, അവിടെ അൺ-എയ്ഡഡ് കോഴ്സുകൾ - ഇങ്ങനെ ഒരുപാട് കാര്യങ്ങൾ വരുന്നുണ്ട്. അതുകൊണ്ടുതന്നെ കഴിഞ്ഞ കാലത്തെപ്പോലെയല്ല, സാങ്കേതികമായി നമുക്ക് ധാരാളം പ്രയാസങ്ങളുണ്ട്. പക്ഷെ ആ പ്രയാസങ്ങളൊക്കെ വളരെ പെട്ടെന്ന് പരിഹരിച്ചുകൊണ്ട് എത്രയുംപെട്ടെന്ന് കൊടുക്കാനുള്ള നടപടി ജില്ലാ ഓഫീസർമാർ എടുക്കുന്നുണ്ട്. ഏതെങ്കിലും കാര്യം പ്രത്യേകമായി ശ്രദ്ധയിൽ പ്പെടുത്തുകയാണെങ്കിൽ ഗവൺമെന്റ് അത് പ്രത്യേകം പരിശോധിച്ച് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാനുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്.

V സബ്മിഷൻ

1. ധനലക്ഷ്മി ബാങ്ക് ഓഫീസർമാരുടെ സമരം

മി. ചെയർമാൻ: ശ്രീ. തേറമ്പിൽ രാമകൃഷ്ണനും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ആൾ ഇൻഡ്യാ ബാങ്ക് ഓഫീസേഴ്സ് ഫെഡറേഷന്റെ ദേശീയ വൈസ് പ്രസിഡന്റും ധനലക്ഷ്മി ബാങ്ക് ഓഫീസേഴ്സ് ഓർഗനൈസേഷന്റെ ജനറൽ സെക്രട്ടറിയുമായ ശ്രീ. പി. വി. മോഹനനെ 2015 ജൂൺ 11-ന് മാനേജ്മെന്റ് പിരിച്ചുവിട്ടിരിക്കുകയാണ്. റിട്ടയർ ചെയ്യാൻ 8 മാസം ബാക്കിയുള്ള ഒരു ട്രേഡ് യൂണിയൻ നേതാവിനെ യാതൊരു കാരണവുമില്ലാതെ അന്വേഷണംപോലും നടത്താതെയാണ് പിരിച്ചുവിട്ടിരിക്കുന്നത്. ധനലക്ഷ്മി ബാങ്ക് മാനേജ്മെന്റിന്റെ ട്രേഡ് യൂണിയൻ വിരുദ്ധ നിലപാടും ജനാധിപത്യ വിരുദ്ധ നടപടിയുമാണ് ഈ പിരിച്ചുവിടലിലൂടെ പുറത്തുവന്നിരിക്കുന്നത്. ഒരു ജീവനക്കാരനെ പിരിച്ചുവിട്ടാൽ അയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കുകയില്ല. ആയതിനാൽ ഈ പിരിച്ചുവിടൽ മനുഷ്യത്വരഹിതമാണ്.

ഇതിൽ പ്രതിഷേധിച്ച് ധനലക്ഷ്മി ബാങ്ക് ഓഫീസേഴ്സ് ഓർഗനൈസേഷൻ ജൂൺ 11 മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്തിവരികയാണ്. ഈ സമരത്തിന് അനുഭാവപൂർവ്വമായി ജൂൺ 12-ന് സംസ്ഥാനത്തെ ബാങ്ക് ഓഫീസേഴ്സ് ഒന്നടങ്കം പണിമുടക്ക് നടത്തുകയും ചെയ്തു. എന്നിട്ടും മാനേജ്മെന്റ് ചർച്ചയ്ക്ക് തയ്യാറാകുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കേരള സർക്കാരിന്റെ ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളുടെയും അക്കൗണ്ട് ഈ ബാങ്കിലാണ്. തൊഴിലാളി വിരുദ്ധ നിലപാടെടുക്കുന്ന മാനേജ്മെന്റിനോട് സർക്കാർ കാണിക്കുന്ന മൃദു സമീപനമാണ് അവരുടെ ഈ ധാർഷ്ട്യത്തിന് ആധാരം. ആയതിനാൽ സർക്കാർ അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നും ശ്രീ. പി. വി. മോഹനനെ തിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സമരം ചെയ്യുന്ന യൂണിയന്റെ അംഗങ്ങൾ വന്ന് എന്നെ കണ്ട് ഞാൻ ഇടപെടണമെന്ന് പറഞ്ഞു. ഇടപെടാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. പക്ഷെ ഇതിൽ ഗവൺമെന്റിന് ഷെയർ ഒന്നുമില്ല. ഗവൺമെന്റിന് ഇടപെടുന്നതിന് വളരെയേറെ പരിമിതികളുണ്ട്. എന്നാലും നമ്മുടെ കേരളത്തിലെ ഒരു സ്ഥാപനം എന്നുള്ള നിലയിൽ അതിൽ ഇടപെടും. സംസ്ഥാന ഗവൺമെന്റ് മൃദുസമീപനമാണ് സ്വീകരിക്കുന്നതെന്ന് അങ്ങ് പറഞ്ഞത് തെറ്റാണ്. ഗവൺമെന്റിന് പരിമിതികളുണ്ട്. ഈ സമരത്തിന്റെ പേരിൽ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ശ്രമിച്ചത് ശരിയായില്ല. ഇടപെടാമെന്ന് ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. ഇടപെടാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, യാതൊരു ബാദ്ധ്യതയുമില്ലാത്ത തരത്തിലുള്ള പിരിച്ചുവിടലാണ് നടത്തിയിരിക്കുന്നത്. ലേബർ ഡിപ്പാർട്ട്മെന്റുവഴി കർശനമായും അതിന് നടപടി എടുക്കാവുന്നതാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് സെൻട്രൽ ലേബർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ വരുന്നതാണ്. അങ്ങ് അവിടെ പറയണം.

2. കടലാക്രമണ പ്രതിരോധ നടപടി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ തീരദേശ പ്രദേശങ്ങളിൽ അതിശക്തമായ കടലാക്രമണം തുടരുകയാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 9 ജില്ലകളിൽ, ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ ഹരിപ്പാട് അടക്കം, അദ്ദേഹം അവിടെയിരുന്ന്

LIBRARY ARCHIVES Kerala Legislative Assembly